പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3666 19/02/2013 - ൽ മറുപടിക്ക്

## കോസ്റ്റൽ റഗുലേഷൻ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കോസ്റ്റൽ റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് സഹായകരമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ മത്സ്യത്തൊഴിലാളികൾക്കനുയോജ്യമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി വിഭാഗം, മറ്റ് പ്രാദേശിക സമൂഹം എന്നിവരുടെ ജീവസന്ധാരണം ഉറപ്പാക്കുക, തീരനിരകളെ സംരക്ഷിച്ചു നിലനിർത്തുക, പരിസ്ഥിതിയും, സമുദ്രമേഖലയും തനതായ രീതിയിൽ സംരക്ഷിക്കുക, തീരദേശങ്ങളിലെ പ്രകൃതിക്ഷോഭങ്ങളെ കണക്കിലെടുത്ത് ശാസ്ത്രീയ തത്വങ്ങൾക്കനുസൃതമായി വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സി.ആർ.ഇസഡ് വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനം III A (ii) പ്രകാരം മത്സ്യബന്ധന തൊഴിലാളി സമൂഹം അടങ്ങുന്ന പാരമ്പര്യ തീരദേശ സമൂഹത്തിന് വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്ററുകൾക്കുള്ളിൽ അവരുടെ നിവാസത്തിനായി പുതിയ നിർമ്മാണമോ/പുനർനിർമ്മിതിയോ ചെയ്യുവാൻ അനുമതി നൽകാവുന്നതാണ്. ഈ നിർമ്മിതി പാരമ്പര്യ തീരദേശ സമൂഹവുമായി ചർച്ച |

ചെയ്ത് അപൽ പരിപാലന കരുതൽ നടപടികൾ ശുചീകരണ നടപടികൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിശദമായ പദ്ധതി സംസ്ഥാന/കേന്ദ്രഭരണ പ്രദേശം തയ്യാറാക്കി ബന്ധപ്പെട്ട സംസ്ഥാന /കേന്ദ്രഭരണ പ്രദേശത്തെ സി.ഇസഡ്.എം.എ.യുടെ ശുപാർശയോടുകൂടി പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതിക്കായി എൻ.സി.ഇസഡ്.എം.എ.യ്ക്ക് നൽകേണ്ട തുണ്ട്. കൂടാതെ 2011-ലെ വിജ്ഞാപനത്തിൽ കേരളത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് കേരളത്തിലെ കായൽ തുരുത്തുകളിൽ വേലിയേറ്റ രേഖയിൽ നിന്നും കരയുടെ ഭാഗത്തേയ്ക്ക് അൻപത് മീറ്റർ പ്രദേശം സി.ആർ.ഇസഡ് ആയിരിക്കും. പ്രസ്തുത അൻപതു മീറ്ററുകൾക്കപ്പുറമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ പ്രാദേശിക സമൂഹത്തിനായുള്ള വാസസ്ഥലം നിർമ്മിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത അൻപതു മീറ്റർ പ്രദേശത്ത് മത്സ്യബന്ധനജെട്ടികൾ, മീനുണക്കൽ കളങ്ങൾ വല നന്നാക്കൽ കേന്ദ്രങ്ങൾ, പരമ്പരാഗതമായ രീതിയിലുള്ള മത്സ്യ സംസ്ക്കരണ പ്രക്രിയകൾ, ബോട്ടിന്റെ അറ്റകുറ്റ പണികൾ തുടങ്ങിയ കടലോര സൗകര്യങ്ങൾ നടത്താവുന്നതാണ്.

എന്നിരുന്നാലും കേരളത്തിലെ മൊത്തം സമുദ്ര തീരപ്രദേശത്തും കായൽ തീരപ്രദേശത്തും മത്സ്യത്തൊഴിലാളികളുടെയും മറ്റു പ്രാദേശിക സമൂഹങ്ങളുടെയും പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സി.ആർ.ഇസഡ് അൻപതു മീറ്ററാക്കി ചുരുക്കുന്നതിനും, കായലോരങ്ങളിലും

3

കായൽ ദ്വീപുകളിലും, ചെമ്മീൻ കെട്ടു കളിലും പ്രാദേശിക സമൂഹത്തിന്റെ വാസസ്ഥല നിർമ്മാണം വേലിയേറ്റ രേഖ യിൽ നിന്നും കരഭാഗത്തേയ്ക്ക് മീൻ സീ ലവലിൽ നിന്നും 1.5 മീറ്റർ ഉയർന്ന പ്രദേശങ്ങളിൽ 10 മീറ്ററുകൾക്കപ്പുറത്തായി നിർമ്മിക്കുന്നതിന് അനുവദിക്കപ്പെടുന്ന തിനും, നിലവിലുള്ള പ്ലിംത് ഏരിയായിൽ അധികമാകാതുള്ള പുനർ നിർമ്മാണം പുനർ ചിന്തനം ചെയ്യുന്നതിനും $100m^2$ പ്ലിംത് ഏരിയ പുനർ നിർമ്മാണത്തിന് നിജപ്പെടുത്തുന്നതിനും സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ ഇളവ് നൽകുന്ന കാര്യത്തിന് ബഹു. മുഖ്യമന്ത്രി 18/06/2011 -ൽ ബഹു. കേന്ദ്ര മന്ത്രിക്ക് കത്തെഴുതു കയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ